REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-02-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പാർലമെന്റിലെ ചോദ്യോത്തരവേള തടസ്സപ്പെടുത്തി പ്രതിപക്ഷം ജനാധിപത്യപരമായ അവകാശം നഷ്ടപ്പെടുത്തുകയാണെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു.**
- **ഉത്തർപ്രദേശിലെ പ്രയാഗ് രാജിൽ വസന്തപഞ്ചമി അമൃതസ്നാനം തുടരുന്നു.**
- **ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം വൈകിട്ട് അവസാനിക്കും.**
- **പാലക്കാട്ടെ ഒയാസിസ് മദ്യനിർമ്മാണ കമ്പനി അനുമതിയിൽ വകുപ്പ് മന്ത്രിയുടെ വിശദീകരണം വ്യാജമാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ.**
- **KSRTC യിൽ ഒരു വിഭാഗം ജീവനക്കാർ ഇന്ന് അർധരാത്രി മുതൽ 24 മണിക്കൂർ പണിമുടക്കും.**
- **ദേശീയ ഗെയിംസ് വാട്ടർ പോളോയിൽ കേരളത്തിന്റെ വനിതാ ടീം ഫൈനലിൽ പ്രവേശിച്ചു.**

## വാർത്തകൾ വിശദമായി

പാർലമെന്റിലെ ചോദ്യോത്തരവേള തടസ്സപ്പെടുത്തരുതെന്ന് പ്രതിപക്ഷത്തോട് നിരന്തരം അഭ്യർത്ഥിക്കാറുണ്ടെങ്കിലും അവരുടെ ഭാഗത്തു നിന്ന് അനുകൂല നടപടി ഉണ്ടാകുന്നില്ലെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. ഗവൺമെന്റിനോട് ചോദ്യം ചോദിക്കാൻ കിട്ടുന്ന ജനാധിപത്യപരമായ അവകാശം ഇതിലൂടെ നഷ്ടപ്പെടുത്തുകയാണെന്ന് കിരൺ റിജിജു പറഞ്ഞു.

കുംഭമേളയ്ക്കിടയിലെ അപകടം സംബന്ധിച്ച അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷം ബഹളമുണ്ടാക്കിയെങ്കിലും സ്പീക്കർ ഓം ബിർള ചോദ്യോത്തരവേള തുടരാൻ നിർദേശം നൽകി.

✪✪✪

പാർലമെന്റിലെ രാഷ്ട്രപതിയുടെ പ്രസംഗത്തിന് നന്ദിപ്രമേയ ചർച്ച ലോക്സഭയിൽ ആരംഭിച്ചു. ത്രിഭുവൻ സഹകാരി സർവകലാശാല ബിൽ കേന്ദ്രമന്ത്രി അമിത് ഷാ ലോക് സഭയിൽ അവതരിപ്പിച്ചു.

✪✪✪

ഉത്തർപ്രദേശിലെ പ്രയാഗ്-രാജിൽ ബസന്ത് പഞ്ചമി ദിനമായ ഇന്ന് മഹാകുംഭത്തിന്റെ മൂന്നാം അമൃത് സ്നാനം തുടരുന്നു. കുംഭമേളയിലെ ഏറ്റവും പ്രധാനപ്പെട്ടതും പവിത്രവുമായ ചടങ്ങാണ് അമൃത് സ്നാനം.

കഴിഞ്ഞ മാസം 14 ന് മകരസംക്രാന്തി ദിനത്തിലും 29 ന് മൗനി അമാവാസിയിലുമാണ് രണ്ട് അമൃത് സ്നാനം നടന്നത്. ഉത്തർപ്രദേശ് ഗവൺമെന്റ് ശക്തമായ സുരക്ഷാ നടപടികൾ അമൃത് സ്നാനത്തോടനുബന്ധിച്ച് കൈക്കൊണ്ടിട്ടുണ്ട്.

ചടങ്ങുകൾ പുരോഗമിക്കുകയാണ്. കുംഭമേള നിരന്തരം നിരീക്ഷിച്ചുവരികയാണെന്ന് UP മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ ഓഫീസ് അറിയിച്ചു. DGP-ക്കും മറ്റ് മുതിർന്ന ഉദ്യോഗസ്ഥർക്കും ഓരോ സമയത്തും മുഖ്യമന്ത്രി നിർദേശം നൽകി വരികയാണെന്നും ഓഫീസ് അറിയിച്ചു.

✪✪✪

രാജ്യത്ത് ദശലക്ഷക്കണക്കിന് അനധികൃത കുടിയേറ്റക്കാരുടെ പ്രവേശനം അനുവദിക്കാനാവില്ലെന്നും അത് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ തകിടം മറിക്കുമെന്നും ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ പറഞ്ഞു. ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ കൂട്ടായ്മയായ ICAI ന്യൂഡൽഹിയിൽ സംഘടിപ്പിച്ച വേൾഡ് ഫോറം ഫോർ അക്കൗണ്ടന്റ്സ് സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തുടർച്ചയായി പാർലമെന്റ് നടപടികൾ തടസ്സപ്പെടുന്നതിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു.

✪✪✪

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം വൈകിട്ട് അവസാനിക്കും. BJP യും ആം ആദ്മി പാർട്ടിയും കോൺഗ്രസും തമ്മിലെ ത്രികോണ മത്സരത്തിനാണ് ഡൽഹി സാക്ഷ്യം വഹിക്കുന്നത്.

ഈ പാർട്ടികളുടെ നേതാക്കളും, താരപ്രചാരകരും റോഡ് ഷോകളും വീടുകയറി പ്രചാരണങ്ങളും പൊതുയോഗങ്ങളുമായി പരമാവധി വോട്ടർമാരെ സ്വാധീനിക്കാൻ കൊണ്ടുപിടിച്ച ശ്രമത്തിലാണ്. 70 അംഗ നിയമസഭയിലേക്ക് മറ്റന്നാളാണ് വോട്ടെടുപ്പ്.

699 സ്ഥാനാർഥികളാണ് മത്സരരംഗത്ത്. ഒരു കോടി 56 ലക്ഷം വോട്ടർമാർ ഇവരുടെ രാഷ്ട്രീയഭാവി തീരുമാനിക്കും.

ശനിയാഴ്ചയാണ് വോട്ടെണ്ണൽ.

✪✪✪

അന്താരാഷ്ട്ര സമുദ്രാതിർത്തി ലംഘിച്ചെന്ന് ആരോപിച്ച് ശ്രീലങ്കൻ നാവിക സേന തമിഴ്നാട്ടിലെ പത്ത് മത്സ്യ തൊഴിലാളികളെ അറസ്റ്റ് ചെയ്തു. രാമേശ്വരം സ്വദേശികളായ ഇവരുടെ യന്ത്രബോട്ടും നാവികസേന കസ്റ്റഡിയിൽ എടുത്തതായി തമിഴ്നാട് തീരദേശ പൊലീസ് അറിയിച്ചു. അറസ്റ്റിലായവരെ ജാഫ്നയിലെ പ്രാദേശിക കോടതി ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തതായും പൊലീസ് വ്യക്തമാക്കി. കഴിഞ്ഞ മാസം 26നും 34 മത്സ്യതൊഴിലാളികളെ ശ്രീലങ്കൻ നാവിക സേന അറസ്റ്റ് ചെയ്തിരുന്നു.

✪✪✪

പാലക്കാട്ടെ ഒയാസിസ് മദ്യനിർമ്മാണ കമ്പനി അനുമതിയിൽ വകുപ്പ് മന്ത്രിയുടെ വിശദീകരണം വ്യാജമാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ ആരോപിച്ചു. ഗവൺമെന്റിന്റെ ക്ഷണപ്രകാരമാണ് കമ്പനി കേരളത്തിൽ പ്ലാന്റ് സ്ഥാപിക്കാൻ തയ്യാറാകുന്നതെന്ന് വാട്ടർ അതോറിറ്റിയോട് വെള്ളം ആവശ്യപ്പെട്ട് നൽകിയ 2023ലെ അപേക്ഷയിൽ പറയുന്നതായി സതീശൻ കൊച്ചിയിൽ അറിയിച്ചു. മദ്യനയത്തിൽ മാറ്റം വരുത്തുന്നതിന് മുമ്പ് തന്നെ ഒയാസിസിനെ കേരളത്തിലേക്ക് ക്ഷണിച്ചുവെന്നതിന് തെളിവാണ് ഇതെന്നും അദ്ദേഹം പറഞ്ഞു. മദ്യനയം മാറിയ കാര്യം ഒരു കമ്പനി മാത്രം നേരത്തെ അറിഞ്ഞു. ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഇ-ടെൻഡറിൽ പങ്കെടുക്കുന്നതിന് അർഹത തെളിയിക്കാൻ സമർപ്പിച്ച അപേക്ഷ IOC അംഗീകാരമായി തെറ്റിദ്ധരിപ്പിച്ചുവെന്നും സതീശൻ ആരോപിച്ചു.

ആദിവാസി വകുപ്പ് ഉന്നത കുലജാതർ കൈകാര്യം ചെയ്യണമെന്ന കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുടെ പ്രസ്താവന കാലഹരണപ്പെട്ടതാണെന്നും സതീശൻ പറഞ്ഞു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമിക്കുന്ന റോഡിൽ ടോൾ പിരിക്കൽ പ്രായോഗികമല്ലെന്നും ടോൾ ഏർപ്പെടുത്തുന്നുവെങ്കിൽ അക്കാര്യം നിർമാണത്തിന് മുമ്പേ പറയണമെന്നും പ്രതിപക്ഷ നേതാവ് ചോദ്യത്തിന് മറുപടി നൽകി.

✪✪✪

KSRTC യിൽ ഒരു വിഭാഗം ജീവനക്കാർ ഇന്ന് അർധരാത്രി മുതൽ 24 മണിക്കൂർ പണിമുടക്കും. INTUC യൂണിയനുകളുടെ കൂട്ടായ്മയായ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷനാണ് നാളെ അർദ്ധരാത്രി വരെ പണിമുടക്ക് പ്രഖ്യാപിച്ചത്.

ശമ്പളവും പെൻഷനും കൃത്യമായി വിതരണം ചെയ്യുക, 31 ശതമാനം ഡിഎ കുടിശിക അനുവദിക്കുക, ദേശസാൽകൃത റൂട്ടുകളുടെ സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക, ശമ്പളപരിഷ്കരണ കരാറിന്റെ ഗവൺമെന്റ് ഉത്തരവിറക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമരം.

അതേസമയം, പണിമുടക്കിന് ഡയസ്നോൺ പ്രഖ്യാപിച്ച് KSRTC CMD സർക്കുലർ പുറത്തിറക്കി.

✪✪✪

ലൈംഗികമായി പീഡിപ്പിച്ചെന്നും സ്ത്രീത്വത്തെ അപമാനിച്ചെന്നുമുള്ള നടിയുടെ പരാതിയിൽ മുകേഷിനെതിരെ കുറ്റപത്രം സമർപ്പിച്ച സാഹചര്യത്തിൽ MLAസ്ഥാനം അദ്ദേഹം നിയമപരമായി രാജി വെക്കേണ്ടതില്ലെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ P.സതീദേവി പറഞ്ഞു. എന്നാൽ ധാർമികത മുൻനിർത്തി രാജിവെക്കണോ എന്ന് മുകേഷിന് തീരുമാനിക്കാമെന്നും അവർ കണ്ണൂർ തളിപ്പറമ്പിൽ മാധ്യമങ്ങളോട് പറഞ്ഞു.

രണ്ട് വർഷത്തിൽ കൂടുതൽ ശിക്ഷിച്ചാലേ ജനപ്രതിനിധി രാജിവെക്കേണ്ടതുള്ളൂ എന്നും പി.സതീദേവി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഉയർന്ന താപനില ഇന്നും തുടരും. ചില സ്ഥലങ്ങളിൽ താപനില സാധാരണയേക്കാൾ 2 ഡിഗ്രി സെൽഷ്യസ് മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വടക്കൻ കേരളത്തിലായിരിക്കും ഉയർന്ന ചൂട്.

✪✪✪

പാലക്കാട് ജില്ലയിൽ പുതുതായി ആരംഭിക്കുന്ന ഓട്ടോറിക്ഷാ ഫെയർമീറ്റർ മുദ്രവെക്കൽ കേന്ദ്രങ്ങളുടെ ഉദ്ഘാടനം അല്പസമയത്തിനകം മണ്ണൂർ ഗ്രാമപഞ്ചായത്തിലും വൈകിട്ട് നെന്മാറ ഗ്രാമപഞ്ചായത്തിലും മന്ത്രി GR അനിൽ നിർവഹിക്കും. ജില്ലയിലെ ഓട്ടോറിക്ഷാ തൊഴിലാളികളുടെ ദീർഘകാല ആവശ്യം പരിഗണിച്ചാണ് പുതുതായി മുദ്രവെപ്പ് ക്യാമ്പ് ഓഫീസുകൾ തുടങ്ങുന്നത്. ചടങ്ങിൽ K ബാബു MLA അദ്ധ്യക്ഷനായിരിക്കും.

✪✪✪

CPIM കണ്ണൂർ ജില്ലാ സെക്രട്ടറിയായി MV ജയരാജനെ വീണ്ടും തെരഞ്ഞെടുത്തു. 2019 മുതൽ സെക്രട്ടറിയാണ് ജയരാജൻ. പുതുതായി പത്ത് അംഗങ്ങളെ ജില്ലാ കമ്മിറ്റിയിൽ ഉൾപ്പെടുത്തി. സമ്മേളനം ഇന്ന് സമാപിക്കും. തളിപ്പറമ്പിൽ വൈകിട്ട് പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ഉത്തരാഖണ്ഡിൽ 38-ാമത് ദേശീയ ഗെയിംസിൽ വാട്ടർ പോളോയിൽ കേരളത്തിന്റെ വനിതാ ടീം ഫൈനലിൽ പ്രവേശിച്ചു. സെമിയിൽ ബംഗാളിനെയാണ് അവർ പരാജയപ്പെടുത്തിയത്. ഇതേ ഇനത്തിൽ പുരുഷ ടീം ഇന്ന് സർവീസസിനെ നേരിടും.

പുരുഷൻമാരുടെ 200 മീറ്റർ നീന്തലിൽ സജൻ പ്രകാശ് ഫൈനലിൽ പ്രവേശിച്ചു. ഫൈനൽ പോരാട്ടം വൈകീട്ട് 4.30ന് നടക്കും. 4X400 ഫ്രീ സ്റ്റൈൽ റിലേയിലും കേരള ടീം ഫൈനൽ യോഗ്യത നേടി. പുരുഷൻമാരുടെ 3X3 ബാസ്കറ്റ് ബോൾ ടീം സെമി ഫൈനലിൽ പ്രവേശിച്ചു. വൈകീട്ട് 5.30നാണ് ഫൈനൽ പോരാട്ടം.

ആറ് സ്വർണ്ണവും മൂന്നു വെള്ളിയും നാല് വെങ്കലവുമായി ഗെയിംസിൽ പത്താം സ്ഥാനത്താണ് കേരളം. പതിനേഴ് സ്വർണ്ണമുൾപ്പെടെ 33 മെഡലുകളുമായി സർവീസസാണ് ഒന്നാമത്.

✪✪✪

ISL ഫുടബോളിൽ ഇന്ന് ഒഡീഷ FC, നോർത്ത് ഈസ്റ്റ് യൂണൈറ്റഡിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഒഡീഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരളക്ക് ജയം. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഈസ്റ്റ് ബംഗാളിനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് ഗോകുലം കേരള പരാജയപ്പെടുത്തി.

വെള്ളിയാഴ്ച ചെന്നൈയിൽ സേതു ഫുട്ബോൾ ക്ലബിനെതിരേയാണ് ഗോകുലത്തിന്റെ ലീഗിലെ അടുത്ത മത്സരം.

✪✪✪

ചെന്നൈ ഓപ്പൺ ATP ചലഞ്ചർ ടെന്നീസ് ചാമ്പ്യൻഷിപ്പ് മെയിൻ ഡ്രോയുടെ അഞ്ചാം പതിപ്പിന് ഇന്ന് തമിഴ്നാട്ടിലെ ചെന്നൈയിൽ തുടക്കമാകും. നുങ്കാമ്പാക്കം SDAT ടെന്നീസ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

ടൂർണമെന്റിലെ കഴിഞ്ഞ വർഷത്തെ ചാമ്പ്യനായ സുമിത് നാഗൽ ഈ പതിപ്പിൽ പങ്കെടുക്കില്ലെന്ന് നേരത്തെ അറിയിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ദ്രോണാചാര്യ അവാർഡ് ജേതാവ് S.മുരളീധരന് വൈകിട്ട് സ്വികരണം നൽകും. ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സ്വീകരണ ചടങ് മേയർ ബീനാ ഫിലിപ്പ് ഉദ്ഘാടനം നിർവഹിക്കും.

✪✪✪

നെഹ്റു യുവ കേന്ദ്രയുടെയും മേരാ യുവ ഭാരതിന്റെയും നേതൃത്വത്തിൽ മുഴപ്പിലങ്ങാട് നടന്ന കണ്ണൂർ ജില്ലാതല സ്പോർട്സ് മീറ്റിൽ കണ്ണൂർ ബ്ലോക്കിലെ യുവൻസ് ചാൽ ജേതാക്കളായി. കല്യാശ്ശേരി ബ്ലോക്കിലെ ഇട്ടമ്മൽ ക്ലബ്ബിനാണ് രണ്ടാം സ്ഥാനം.

✪✪✪

അഴീക്കോട് ഫിഷ് ലാൻഡിങ്ങ് സെന്ററിൽ നിന്നും ഇന്നലെ പുലർച്ചെ മത്സ്യബന്ധനത്തിന് പോയ ബോട്ടിന്റെ എഞ്ചിൻ നിലച്ച് കടലിൽ കുടുങ്ങിയ ആറ് മത്സ്യതൊഴിലാളികളെ ഫിഷറീസ് - മറൈൻ എൻഫോഴ്സ്മെന്റ് റെസ്ക്യൂ സംഘം രക്ഷപ്പെടുത്തി. കടലിൽ 10 നോട്ടിക്കൽ മൈൽ അകലെയാണ് എഞ്ചിൻ നിലച്ച് ബോട്ടും തൊഴിലാളികളും കുടുങ്ങിയത്.

✪✪✪

നഗര നയ കമ്മീഷൻ പുതുതലമുറയിലെ ആശയങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് സംഘടിപ്പിക്കുന്ന സ്റ്റുഡന്റ്സ് കൗൺസിൽ തൃശൂർ ശക്തൻ സ്റ്റാന്റിൽ ആരംഭിച്ചു.

കേരള നഗര നയ കമ്മീഷൻ അടുത്ത 25 വർഷത്തെ നയം രൂപീകരിക്കുന്നതിന് യുവജനങ്ങളും കുട്ടികളുമായി ആശയവിനിമയം നടത്തി വരികയാണ്. ഇതിന്റെ ഭാഗമായാണ് വിദ്യാർത്ഥി കൗൺസിൽ നടത്തുന്നത്.

✪✪✪

നെന്മാറ ഇരട്ടക്കൊലപാതകത്തെ തുടർന്ന് പൊലീസ് സ്റ്റേഷനു മുന്നിലുണ്ടായ സംഘർഷത്തിൽ പ്രതികളായ രണ്ടു പേരെ പൊലീസ് അറസ്റ്റു ചെയ്തു. പോത്തുണ്ടി സ്വദേശികളായ  രഞ്ജിത്, ഷിബു എന്നിവരാണ് പിടിയിലായത്. ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തി, പൊതുമുതൽ നശിപ്പിച്ചു എന്നീ കുറ്റങ്ങൾക്കാണ് അറസ്റ്റ്.

✪✪✪

ആലപ്പുഴ മണ്ണഞ്ചേരി പഞ്ചായത്തിലെ പെരുന്തുരുത്ത്കരി പാട ശേഖര വികസന പദ്ധതി വൈകിട്ട് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. നബാർഡിന്റെ സഹായത്തോടെ ഇറിഗേഷൻ വകുപ്പ്, കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആറേകാൽ കോടി രൂപ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്.

✪✪✪

*News Editor: വി കെ സുരേഷ്*
*Casual News Reader: സയ്യിദ് അലി ശിഹാബ്*
*News Reader: അനിൽ ചന്ദ്രൻ*
*DEO: സുബോധ് സി കെ*